**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *214.** 05.10.2016 ന് മറുപടിയ്ക്ക്

**മദ്യ ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യൂ<br>,, വി. കെ. സി. മമ്മത് കോയ<br>,, എം. സ്വരാജ്<br>,, ജോർജ് എം. തോമസ് : | | ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ മദ്യനയം കൊണ്ട് സംസ്ഥാനത്തെ മദ്യ ഉപഭോഗം കാര്യമായി കുറഞ്ഞിട്ടില്ലാത്തതിനാൽ മദ്യ ഉപഭോഗം കുറയ്ക്കാൻ ഉതകുന്ന ഫലപ്രദമായ മദ്യനയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യ ഉപഭോഗവും അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. മദ്യപാനശീലത്തെ നിരുൽസാഹപ്പെടുത്തുന്നതിനും മദ്യ-ലഹരി വസ്തുക്കൾക്കെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുന്നതും ലക്ഷ്യമിട്ട് മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്ന മദ്യനയമാണ് സർക്കാർ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നത്. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ വിമുക്തമാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. |
| (ബി) | മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരായ വ്യാപകമായ പ്രചരണത്തിലൂടെ മദ്യ ഉപഭോഗം കുറയ്ക്കാനായി സർക്കാരിന്റെ ഭാഗത്തുനിന്ന് ശ്രമമുണ്ടാകുമോ; | (ബി) | മദ്യം ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ ഉപഭോഗത്തിനെതിരായ ബോധവൽക്കരണ പ്രവർത്തനം ഒരു ജനകീയ പ്രസ്ഥാനമായി വളർത്തിയെടുക്കുവാനായി ഒരു ബോധവൽക്കരണ മിഷനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ബോധവത്കരണ പ്രവർത്തനങ്ങളുടെ പ്രചരണാർത്ഥം ലഹരിവിരുദ്ധ സെമിനാർ, ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ്, ലഹരിവിരുദ്ധ ബോധവൽക്കരണ സ്റ്റാളുകൾ, തുടങ്ങിയവ എക്സൈസ് വകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഒരു ബോധവത്ക്കരണ |

| | | | |
|---|---|---|---|
| | | | മിഷൻ രൂപീകരിച്ച് അതിലൂടെ കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, നാഷണൽ സർവ്വീസ് സ്കീം, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതി എന്നിവയുമായി ചേർന്നും, വിദ്യാർത്ഥി-യുവജന – മഹിളാസംഘടനകൾ, വിവിധ എൻ.ജി.ഒ.കൾ എന്നിവരുടെ കൂട്ടായ്മയോടെയും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിൽ സ്കൂൾ, കോളേജ് തലങ്ങളിൽ പ്രവർത്തിക്കുന്ന 1993 ലഹരിവിരുദ്ധ ക്ലബ്ബുകളെ ശക്തിപ്പെടുത്തുവാനും കൂടുതൽ വിദ്യാലയങ്ങളി ലേക്ക് വ്യാപിപ്പിക്കുവാനും ഈ സർക്കാർ ഉദ്ദേശിക്കു ന്നുണ്ട്. വിവിധ മാധ്യമങ്ങളിലൂടെ മദ്യ-ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും ആശയങ്ങൾ പ്രചരിപ്പിക്കു ന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | വ്യാജമദ്യ ലഭ്യത ഇല്ലാതാക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്ത് അനധികൃത മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടെയും ലഭ്യത തടയുന്നതിന് എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. മയക്കു മരുന്നുകളുടെയും മദ്യത്തിന്റെയും ഉപഭോഗം മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ, പ്രത്യേകിച്ച് യുവജനങ്ങൾ ക്കിടയിൽ, അവബോധം ഉണ്ടാക്കുന്നതിന് |

| | | | |
|---|---|---|---|
| | | | ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. കൂടാതെ നിലവിൽ മദ്യ-മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി എക്സൈസ് ഷാഡോ സംവിധാനം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലൂടെ എൻഫോഴ്സ്മെന്റ് ശക്തമാക്കിയിട്ടുണ്ട്. എക്സൈസ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സ്ക്വാഡും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നും അനധികൃത മദ്യവും ലഹരി പദാർത്ഥങ്ങളും സംസ്ഥാനത്തേക്ക് കടത്തിക്കൊണ്ടു വരുന്നത് തടയുന്നതിനായി എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനവും ശക്തിപ്പെടുത്തിയിട്ടുണ്ട്. ട്രെയിൻ മുഖാന്തിരമുള്ള മദ്യത്തിന്റെയും ലഹരി വസ്തുക്കളുടേയും കടത്ത് തടയുന്നതിന് പോലീസ്, റെയിൽവേ, ആർ.പി.എഫ്. വിഭാഗങ്ങളുമായി സഹകരിച്ച് കർശനമായ പരിശോധനകൾ നടത്തുന്നുണ്ട്. ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് എക്സൈസ് കമ്മീഷണർക്ക് ലഭിക്കുന്ന രഹസ്യ വിവരങ്ങളും പരാതികളും 24 മണിക്കൂറിനകം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**